LIBRARY ARCHIVES Kerala Legislative Assembly

**കാട്ടുപന്നി**

143 (3849) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടുപന്നിയെ സംരക്ഷിത മൃഗമായി പ്രഖ്യാപിച്ചിട്ടുണ്ടോ; കാട്ടുപന്നിയെ കേന്ദ്ര വന നിയമത്തിന്റെ അഞ്ചാം ഷെഡ്യൂളിലുൾപ്പെടുത്തി ക്ഷുദ്രജീവിയായി പരിഗണിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ?

കാട്ടുപന്നിയെ സംരക്ഷിത മൃഗമായി പ്രഖ്യാപിച്ചിട്ടുണ്ട്. കാട്ടുപന്നിയെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ അഞ്ചാം ഷെഡ്യൂളിലുൾപ്പെടുത്തി ക്ഷുദ്രജീവി (വെർമിൻ) ആയി പരിഗണിക്കാൻ സാധിക്കുന്നതാണ്. ഇപ്രകാരം കാട്ടുപന്നിയെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വകുപ്പ് 62 പ്രകാരം ഷെഡ്യൂൾ V-ലുൾപ്പെടുത്തി വെർമിനായി പ്രഖ്യാപിക്കാനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്.

**വന്യമൃഗങ്ങളുടെ ആക്രമണത്തിന് നഷ്ടപരിഹാരം**

144 (3850) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ മരണപ്പെടുന്നവർക്കും പരിക്ക് പറ്റുന്നവർക്കും സമയബന്ധിതമായി നഷ്ടപരിഹാരത്തുക നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പൊതുജനങ്ങൾക്ക് നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് ഇ-ഡിസ്ട്രിക്ട് പോർട്ടൽ സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ റേഞ്ച് തലത്തിൽ അന്വേഷണം നടത്തി ആയതിന്റെയടിസ്ഥാനത്തിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ശിപാർശയോടുകൂടിയ റിപ്പോർട്ട് ഓൺലൈനായി സമർപ്പിക്കുന്നു. ടി റിപ്പോർട്ട് ലഭിച്ചാൽ 15 ദിവസത്തിനകം ടി അപേക്ഷയിന്മേൽ അർഹമായ നഷ്ടപരിഹാരത്തുക അനുവദിച്ചുകൊണ്ട് ഡിവിഷൻ തലത്തിൽ ഉത്തരവാകുന്നു. ഇപ്രകാരം അനുവദിക്കപ്പെടുന്ന നഷ്ടപരിഹാര തുക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് മുഖേന അപേക്ഷകന് ലഭ്യമാകുന്നു.

(ബി) നിലവിൽ ഏത് മാസം വരെയുള്ള അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

തീർപ്പാക്കിയ അപേക്ഷകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

| ഡിവിഷൻ | തീർപ്പാക്കിയ അപേക്ഷകൾ സംബന്ധിച്ച വിവരം |
|---|---|
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | നാളിതുവരെ ലഭിച്ച അപേക്ഷകളിൽ നഷ്ടപരിഹാര തുക അനുവദിച്ചിട്ടുണ്ട്. |
| വന്യജീവി വിഭാഗം, പാലക്കാട് | മരണമടഞ്ഞ കേസുകളിൽ 2020 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.പീച്ചി ഡിവിഷനിൽ 01/2021 വരെയും വയനാട് ഡിവിഷനിൽ 04/2021 വരെയും പരിക്കുപറ്റിയവർക്ക് നഷ്ടപരിഹാര തുക നൽകിയിട്ടുണ്ട്. |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | മരണമടഞ്ഞ കേസുകളിൽ 2019 വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. പെരിയാർ വെസ്റ്റ് ഡിവിഷനിലും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിലും 2021 ജൂലൈ മാസം വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| സതേൺ സർക്കിൾ, കൊല്ലം | റാന്നി ഡിവിഷനിൽ 01/2021 വരെയും കോന്നി ഡിവിഷനിൽ 02/2021 വരെയും പുനലൂർ ഡിവിഷനിൽ 05/2021 വരെയും തെന്മല ഡിവിഷനിൽ 06/2021 വരെയും അച്ചൻകോവിൽ ഡിവിഷനിൽ 03/2021 വരെയും തിരുവനന്തപുരം ഡിവിഷനിൽ 05/2021 വരെയുമുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | കണ്ണൂർ ഡിവിഷനിൽ 2018 വരെയും കാസർഗോഡ്, നോർത്ത് വയനാട് ഡിവിഷനുകളിൽ 2019 വരെയും സൗത്ത് വയനാട് ഡിവിഷനിൽ 04/2021 വരെയും കോഴിക്കോട് ഡിവിഷനിൽ 12/2020 വരെയുമുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| സെൻട്രൽ സർക്കിൾ,തൃശ്ശൂർ | തൃശ്ശൂർ, ചാലക്കുടി ഡിവിഷനുകളിൽ 07/2020 വരെയും മലയാറ്റൂർ ഡിവിഷനിൽ 08/2020 വരെയും വാഴച്ചാൽ ഡിവിഷനിൽ 07/2021 വരെയുമുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |

Page 3 of 3

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | നിലമ്പൂർ നോർത്ത് ഡിവിഷനിൽ 06/2020 വരെയും നിലമ്പൂർ സൗത്ത് ഡിവിഷനിൽ 06/2021 വരെയും മണ്ണാർക്കാട് ഡിവിഷനിൽ മരണമടഞ്ഞവരുടെ ആശ്രിതരിൽനിന്നും ലഭിച്ച അപേക്ഷകൾ 06/2020 വരെയും പരിക്കേറ്റവരിൽനിന്നും ലഭിച്ച അപേക്ഷകൾ 07/2020 വരെയും പാലക്കാട് ഡിവിഷനിൽ മരണമടഞ്ഞവരുടെ ആശ്രിതരിൽ നിന്നും ലഭിച്ച അപേക്ഷകൾ 05/2021 വരെയും പരിക്കേറ്റവരിൽനിന്നും ലഭിച്ച അപേക്ഷകൾ 10/2020 വരെയും നെന്മാറ ഡിവിഷനിൽ മരണമടഞ്ഞവരുടെ ആശ്രിതരിൽനിന്നും ലഭിച്ച അപേക്ഷകൾ 07/2020 വരെയും പരിക്കേറ്റവരിൽ നിന്നും ലഭിച്ച അപേക്ഷകൾ 03/2021 വരെയും തീർപ്പാക്കിയിട്ടുണ്ട്. |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | മറയൂർ, കോട്ടയം, കോതമംഗലം എന്നീ ഡിവിഷനുകളിൽ 2020-21 വരെയുള്ളതും മൂന്നാർ ഡിവിഷനിൽ 2018-19 വരെയുള്ളതും മാങ്കുളം ഡിവിഷനിൽ 2019-20 വരെയുള്ള അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. |

**കാട്ടുപന്നി ശല്യം സംബന്ധിച്ച ഹൈക്കോടതി വിധി**

145 (3851) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് ഹൈക്കോടതിയെ സമീപിച്ച രണ്ട് കർഷകർക്ക് അനുകൂലമായ വിധി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിയിടങ്ങളിൽ ഇറങ്ങി, വിള നശിപ്പിക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് കർഷകരെ അനുവദിക്കണമെന്നുള്ള ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ. കെ. വി. സെബാസ്റ്റ്യൻ ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP(C) No.21207/2020(A) ശ്രീ. തോമസ് തോമസ് ഉൾപ്പെടെ 6 പേർ ഫയൽ ചെയ്ത WP(C) No.12496/2021 (J) എന്നിവയിലെ 23-7-2021-ലെ സംയുക്ത ഇടക്കാല ഉത്തരവ് പ്രകാരം ടി കേസ്സുകളിലെ പെറ്റീഷണർമാർക്ക്